**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 579** **17-09-2025-ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ നികുതി പരിഷ്കരണം മൂലമുള്ള പ്രതിസന്ധികൾ**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
| --- | --- |
| ശ്രീ. പി. നന്ദകുമാർ | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. പി. നന്ദകുമാർ | (മുഖ്യമന്ത്രി) |
| ശ്രീ. സി. കെ. ഹരീന്ദ്രൻ | |
| ശ്രീ. പി. മമ്മിക്കുട്ടി | |
| ശ്രീ. മുരളി പെരുനെല്ലി | |

**(എ)** സംസ്ഥാനങ്ങളുടെ അവകാശമായിരുന്ന നികുതി നിർണ്ണയം പൂർണ്ണമായും എടുത്തു മാറ്റുന്നതിനായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ജി. എസ്. ടി. നിയമത്തിലൂടെ സംസ്ഥാനത്തുണ്ടായിട്ടുള്ള ആകെ നികുതി നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

**മറുപടി:** ജി.എസ്.ടി. പോർട്ടലിൽ ലഭിക്കുന്ന റിപ്പോർട്ടുകളിൽ നിന്നും കൃത്യമായ നഷ്ടം കണക്കുകൂട്ടുവാൻ കഴിയുകയില്ല.

**(ബി)** വിവിധ ഘട്ടങ്ങളിലായി നടത്തിയിട്ടുള്ള നികുതിനിരക്ക് പരിഷ്കരണം കാരണം സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** കാലാകാലങ്ങളിൽ ജി.എസ്.ടി. നിയമത്തിൽ കൊണ്ടുവന്ന പരിഷ്കരണങ്ങൾ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന് മനസ്സിലാകുന്നു.

**(സി)** കേന്ദ്ര സർക്കാർ അവകാശപ്പെട്ടിട്ടുള്ള രീതിയിൽ നികുതി പരിഷ്കരണം കൊണ്ട് സംസ്ഥാനത്തെ സാധാരണക്കാർക്ക് എന്തെങ്കിലും നേട്ടം ഉണ്ടായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** നികുതിയിൽ വരുന്ന ഏതൊരു കുറവും പ്രായോഗികതലത്തിൽ പൂർണ്ണാർത്ഥത്തിൽ നടപ്പിലാക്കിയാൽ ഉത്പന്നങ്ങളുടെ വിലയിൽ കുറവുണ്ടാകേണ്ടതാണ്. സാധാരണ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിലേക്കായി നിരക്കുകൾ കുറയ്ക്കുക എന്ന തീരുമാനം കേരളവും അംഗീകരിക്കുകയാണുണ്ടായത്. നികുതി നിരക്ക് കുറയ്ക്കുന്നതിന്റെ പ്രയോജനം ജനങ്ങളിലേക്ക് എത്തുന്നു എന്ന് ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംസ്ഥാനം കൗൺസിലിൽ ചൂണ്ടി കാണിച്ചിട്ടുണ്ട്.

**(ഡി)** കോർപ്പറേറ്റുകൾക്ക് അനുകൂലമായി നികുതി ഘടന പരിഷ്കരിക്കുന്നതിൽ നിന്നും കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

**മറുപടി:** ജി.എസ്.ടി. നികുതിഘടന പരിഷ്കരിക്കുമ്പോൾ നികുതിയിളവ് സാധാരണ ഉപഭോക്താക്കൾക്ക് ലഭിക്കണമെന്നും വൻകിട കമ്പനികൾ കൊള്ളലാഭം എടുക്കുന്നത് തടയണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വിലകൂടിയ ലക്ഷ്വറി ഇനങ്ങൾക്ക് ഉയർന്ന നികുതിയും സാധാരണക്കാർ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങൾക്ക് കുറഞ്ഞ നികുതിയും എന്നതാണ് ശരിയായ നികുതിനയം എന്നും കേരളം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**